

THURSDAY 01-12-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sreekala S** **Editor : Dr. Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/12/2022.

1. ഗ്രാമപഞ്ചായത്ത് തലത്തിൽ കാർഷിക പദ്ധതികൾ നടപ്പിലാക്കുമ്പോൾ കർഷകരുമായി ചേർന്ന് ചർച്ച നടത്തി കർഷക വരുമാനം ഇരട്ടിപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കണമെന്ന് കൃഷി മന്ത്രി പി പ്രസാദ് ആവശ്യപ്പെട്ടു. വി എഫ് പി സി കെ അഞ്ചൽ സ്വാശ്രയ കർഷക സമിതി പൂർത്തീകരിച്ച തേൻ സംസ്കരണ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. തേനിൽ നിന്നും ധാരാളം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാമെന്നും കർഷകർ ഇതിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. ആവശ്യമായ പരിശീലന പരിപാടികൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും നൽകുന്നതായിരിക്കും. 34 ലക്ഷം രൂപ മുതൽമുടക്കിലാണ് വി എഫ് പി സി കെ തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ 16 ലക്ഷം രൂപയും വിപണിയുടെ 18 ലക്ഷം രൂപയും ഉൾപ്പെടും. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നീ ലക്ഷ്യത്തോടെ കാർഷിക വിപണിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള അഞ്ചൽ ബനാന ആൻഡ് ബി മൈത്രി ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ ഓഹരികളുടെ വിതരണ ഉദ്ഘാടനവും മന്ത്രി നടത്തുകയുണ്ടായി.

2. ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഡിസംബർ ഒന്നു മുതൽ ഏഴ് വരെ വിള ഇൻഷുറൻസ് വാരാചരണം സംഘടിപ്പിക്കുന്നു ഇതിന്റെ ഭാഗമായി കേന്ദ്രവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതികൾ ആയ പ്രധാനമന്ത്രി ഫസൽ ബീമാ യോജന കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവയിൽ കർഷകർക്ക് അംഗത്വം എടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 180-425-7064 എന്ന നമ്പരിൽ ബന്ധപ്പെടുക. രജിസ്ട്രേഷനുള്ള അവസാന തീയതി 2022 ഡിസംബർ 31 .

3. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടത്ത് പ്രവർത്തിക്കുന്ന NABL Accreditation ലഭിച്ച സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയിലെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പരിശോധനകളും വെള്ളത്തിലെ IS 10500 പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന എല്ലാ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശോധനകളും കാലിത്തീറ്റയിലെയും അസംസ്കൃത വസ്തുക്കളിലെയും BIS പ്രകാരമുള്ള എല്ലാ പരിശോധനകളും ലാബിൽ ചെയ്യുന്നുണ്ട്. കുടിവെള്ളത്തിന്റെ അണുഗുണ നിലവാര പരിശോധനകളും കുറഞ്ഞ നിരക്കിൽ ചെയ്തു കൊടുക്കുന്നു. എല്ലാ പരിശോധനകൾക്കും ഗവൺമെന്റ് അംഗീകൃത ഫീസ് ഈടാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് 0471- 2440074, 9495592514 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

4. ഡിസംബർ 5 ലോകമണ്ണ് ദിനത്തോടനുബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് സോയിൽ സയൻസിന്റെ നേതൃത്വത്തിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടികൾക്ക് വെള്ളായണി കാർഷിക കോളേജിൽ തുടക്കം കുറിച്ചു. കർഷകർക്കുള്ള പരിശീലന പരിപാടി സോയിൽ സയൻസ് ക്ലബ്ബ് ഉദ്ഘാടനം വിദ്യാർത്ഥികൾക്കായുള്ള വിവിധതരം മത്സരയിനങ്ങൾ സെമിനാറുകൾ തുടങ്ങിയ വിവിധങ്ങളായ പരിപാടികൾ ലോക മണ്ണ് ദിന വാരാഘോഷ ത്തോടനുബന്ധിച്ച് സംഘടിപ്പിക്കും.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉത്പാദിപ്പിക്കുന്ന കെപ്കോ കേരള ചിക്കൻ (ചിൽഡ്-ഫ്രഷ്, ഫ്രോസൺ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും) വിൽപ്പന നടത്തുന്നതിന് കൊല്ലം ജില്ലയിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ **ഡിസംബർ 09**-ന് മുമ്പ് മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് kspdc@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ **9495000921** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കാർഷിക സർവകലാശാലയുടെ കൊട്ടാരക്കര സദാനന്ദപുരത്തുള്ള കൃഷി ഗവേഷണ കേന്ദ്രത്തിൽ **തേനീച്ച വളർത്തൽ, കൂൺ കൃഷി** എന്നിവയിൽ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഡിസംബർ ആദ്യവാരമാണ് പരിശീലനം. ഡിസംബർ രണ്ട് വരെ പേര് രജിസ്റ്റർ ചെയ്യാം. തേനീച്ച

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷിയെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **7907014734** എന്ന ഫോൺ നമ്പരിലും**,** കൂൺ കൃഷിയെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **8848914791** എന്ന ഫോൺ നമ്പരിലും ബന്ധപ്പെടുക.

7. തിരുവനന്തപുരം, പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 5 മുതൽ ഡിസംബർ 16 വരെ**യുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി ക്ഷീരോൽപന്ന നിർമ്മാണത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ **ഡിസംബർ 3-ാം** തിയതി വൈകുന്നേരം 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം - 695004 എന്ന മേൽവിലാസത്തിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, **0471 – 2440971** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

8. കപ്പ നട്ടു 45 ദിവസമായാൽ രണ്ടാംവളമായി ഇനത്തിനനുസരിച്ചു പകുതി വീതം യൂറിയ നൽകാവുന്നതാണ്. ഇടകിളച്ചുമാറ്റിയതിനുശേഷം വളമിട്ട്, കൂന കൂട്ടി നനച്ചുകൊടുക്കാവുന്നതാണ്.

വഴുതന വർഗ്ഗ വിളകളിൽ വഴുതന, തക്കാളി, മുളക് നട്ടു ഒരു മാസത്തിനു ശേഷം ഒരു സെന്റിന് 170 ഗ്രാം യൂറിയ, 80 ഗ്രാം പൊട്ടാഷ് എന്നിവ മേൽവളമായി നൽകാവുന്നത്.

വെണ്ടയിൽ ഇലപ്പുള്ളി രോഗം കണ്ടുവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം മൂർച്ഛിക്കുകയാണെങ്കിൽ മാംഗോസേബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി തളിച്ചു കൊടുക്കുക